# O.S.S.A.E.
## വാർഷിക പരീക്ഷ 2017

Class VIII | 03-12-2017, Sunday 11 AM to 1 PM | Marks 50

**പേരെഴുതുക (1–5)** 5

1. സർവ്വശക്തനായ ദൈവത്തിന് മഹത്വം അർപ്പിക്കുവാനായി വിരചിതമായിരിക്കുന്ന മനോഹര സ്തുതിഗീതം.
2. ശലോമോന് എതിരെ ഏദോമ്യരാജകുടുംബത്തിൽനിന്നും വളർന്നുവന്നതാര്?
3. ഗുരുവിന്റെ ആത്മാവിന്റെ ഇരട്ടിപങ്ക് ആവശ്യപ്പെട്ട പ്രവാചകൻ.
4. യിസ്രായേൽ മക്കൾക്ക് ദൈവം കല്പന നൽകിയതിനെ ഓർക്കുന്ന ദിവസം?
5. മലങ്കരയിൽ 'മാർതോമ്മ' എന്ന പുതിയ സഭയുണ്ടായത് ഏതു മെത്രാപ്പോലീത്തായുടെ കാലത്താണ്.

**ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (6–10)** 5

6. 'യഹോവ എന്റെ ദൈവം' എന്നർത്ഥംവരുന്ന പേര്.
   (നാഥാൻ, ഏലിയ, എലീശ)
7. ദൈവപുരുഷനെ നശിപ്പിക്കുവാൻ ആഗ്രഹിച്ചപ്പോൾ കൈവരണ്ടുപോയ രാജാവ്.
   (രെഹബയാം, ആഹാബ്, യൊരൊബെയാം)
8. വിജാതിയർക്കും സഭയിലേക്കു ചേരുവാനുള്ള വാതിൽ തുറന്നുകൊടുത്ത കർത്തൃശിഷ്യൻ.
   (വി. പൗലോസ്, വി. പത്രോസ്, വി. യോഹന്നാൻ)
9. സകല ഭരണകർത്താക്കളെയും ഓർക്കുന്ന തുബ്ദേൻ.
   (2, 4, 3)
10. വിശ്വാസപ്രമാണത്തിലെ മൂന്നാം ഖണ്ഡിക രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചത്.
    (മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ്, ജൂലിയൻ)

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയോ തെറ്റോ എന്നു എഴുതുക (11–15)** 5

11. സ്തേഫാനോസിന്റെ മരണശേഷം ഫിലിപ്പോസ് ശമര്യപട്ടണത്തിൽ സുവിശേഷം അറിയിച്ചു.
12. യശയ്യാപ്രവാചകൻ യരുശലേമിൽ പ്രവചനം നടത്തിയത് ഹോശേയായുടെ കാലത്തായിരുന്നു.
13. അപ്പോസ്തോലിക പിൻതുടർച്ച സഭയിലെ പൗരോഹിത്യത്തിലൂടെ ലഭ്യമാണ്.
14. സുന്നഗോഗ് ആരാധനാശൈലി പിൻതുടർന്ന ക്രിസ്തീയ സഭയുടെ ആരാധനാദിനം ശനിയാഴ്ച യായിരുന്നു.
15. നമ്മുടെ ആരാധനയിൽ ഉപയോഗിക്കുന്ന ഗീതങ്ങൾ എല്ലാം വേദപുസ്തകത്തെ ആധാരമാക്കി യുള്ളവയാണ്.

**താഴെ പറയുന്ന വാചകങ്ങൾ ആര് ആരോടു പറഞ്ഞു (16–20)** 5

16. "കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ?"
17. "വിശുദ്ധ അപ്പമല്ലാതെ സാമാന്യമായത് കൈവശം ഇല്ല."
18. "പിള്ള എന്റെ ഗർഭത്തിൽ ആനന്ദംകൊണ്ടു തുള്ളി."
19. "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു."
20. "സമൂഹം എനിക്ക് തരുന്നതനുസരിച്ച് ഞാൻ തിരിച്ചു നൽകിയിട്ടില്ല."

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്ത് എഴുതുക (21–25)** 5

| | | |
|---|---|---|
| 21. മൽക്കീസദേക്ക് | - | AD 372 |
| 22. യരുശലേം സുന്നഹദോസ് | - | AD 825 |
| 23. സാബോറീശോ | - | വാസ്തുശില്പി |
| 24. വലിയ മാർ ബസേലിയോസ് | - | എന്റെ രാജാവ് നീതിമാനാകുന്നു |
| 25. ദിവന്നാസ്യോസ് II | - | AD 49 |

**ഒറ്റവാക്കിൽ ഉത്തരം എഴുതുക (26–30)** **5**

26. യൊരൊബെയാമിനെ എത്ര ഗോത്രങ്ങൾ രാജാവായി അംഗീകരിച്ചു?
27. യോശിയാവിന് അരുളപ്പാടു നൽകിയ പ്രവാചകി?
28. ക്രിസ്തീയ വിശ്വാസപ്രകാരം ഒരു വിശ്വാസി മരിച്ചു എന്നു പറയുന്നതിനു പകരം ഉപയോഗിക്കുന്ന പദമേത്?
29. സമയത്തിന്റെ സ്രഷ്ടാവ് ആര്?
30. ആത്മശരീരമനസ്സുകളെയും ഇന്ദ്രിയങ്ങളെയും ദൈവതൃപ്പാദത്തിൽ സമർപ്പിക്കുന്ന വിശിഷ്ടമായ ആരാധനാക്രമം.

**ഒറ്റ വാചകത്തിൽ ഉത്തരം എഴുതുക (31–35)** **10**

31. യേഹൂവിന്റെ പിൻതലമുറയിൽ നാലാം തലമുറവരെ മാത്രം രാജത്വം ഒതുക്കിയതിന്റെ കാരണം.
32. വീരരാഘവപട്ടയം വഴി ക്രിസ്ത്യാനികൾക്ക് കൈവന്ന നേട്ടങ്ങൾ എന്തെല്ലാം?
33. കർത്താവ് ശിഷ്യന്മാരെ തെരഞ്ഞെടുത്തത് എന്തിനായിട്ടാണ്.
34. ക്രിസ്ത്യാനികൾക്ക് നേരിട്ട എല്ലാ പീഡനകൾക്കും മോചനമുണ്ടായതെപ്പോൾ?
35. വായനയുടെ ആവശ്യകത എന്താണ്?

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (36–39)** **4**

"കോട്ടയിൽ കടക്കുമാറായപ്പോൾ പൗലോസ് സഹസ്രാധിപനോട്: എനിക്കു നിന്നോട് ഒരു വാക്കു പറയാമോ എന്നു ചോദിച്ചു. അതിന്ന് അവൻ: നിനക്കു യവനഭാഷ അറിയാമോ? കുറെനാൾ മുൻപെ കലഹം ഉണ്ടാക്കി നാലായിരം കട്ടാരക്കാരെ മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോയ മിസ്രയീമ്യൻ നീ അല്ലയോ എന്നു ചോദിച്ചു. അതിന്നു പൗലോസ്: ഞാൻ കിലികൃയിൽ തർസൊസ് എന്ന പ്രസിദ്ധനഗരത്തിലെ പൗരനായോരു യെഹൂദൻ ആകുന്നു. ജനത്തോടു സംസാരിപ്പാൻ അനുവദിക്കേണം എന്ന് അപേക്ഷിക്കുന്നു എന്നു പറഞ്ഞു.. അവൻ അനുവദിച്ചപ്പോൾ പൗലോസ് പടിക്കെട്ടിന്മേൽ നിന്നുകൊണ്ടു ജനത്തോട് ആംഗ്യം കാട്ടി, വളരെ മൗനമായശേഷം എബ്രായഭാഷയിൽ വിളിച്ചുപറഞ്ഞതാവിതു: സഹോദരന്മാരും പിതാക്കന്മാരുമായുള്ളോരേ, എനിക്ക് ഇന്നു നിങ്ങളോടുള്ള പ്രതിവാദം കേട്ടുകൊൾവിൻ."

36. പൗലോസിനെക്കുറിച്ച് സഹസ്രാധിപന്റെ ധാരണ എന്തായിരുന്നു?
37. സഹസ്രാധിപനോട് പൗലോസിന് എന്തായിരുന്നു പറയാനുണ്ടായിരുന്നത്?
38. ജനത്തോട് പൗലോസ് പറയാനാരംഭിച്ചത് എങ്ങനെയാണ്?
39. താനാരാണ് എന്നാണ് പൗലോസ് സഹസ്രാധിപനോടു പറഞ്ഞത്?

**താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനയുടെ വിട്ടുപോയ ഭാഗം ചേർത്ത് പ്രാർത്ഥന പൂർണ്ണമാക്കുക** **3**

40. 'നടുങ്ങുവിൻ പാപം ചെയ്യാതിരിപ്പിൻ. നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ച് മൗനമായിരിപ്പിൻ................................ നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്.'

**താഴെ പറയുന്ന ഗീതം എഴുതുക** **3**

41. 'നാഥാ താവകമിരുലോകം
   ...............................................
   റൂഹായ്ക്കും ഹാലേലുയ്യ.'

✧ ✧ ✧ ✧ ✧

# ഉത്തരസൂചിക

Class VIII

Marks 50

| | | പാഠം | പേജ് |
|---|---|---|---|
| 1. | മാലാഖമാരുടെ സ്തുതിപ്പ് | 11 | 65 |
| 2. | ഹദദ് | 2 | 21 |
| 3. | ഏലിശ | 1 | 16 |
| 4. | പെന്തിക്കോസ്തി | 7 | 45 |
| 5. | പുലിക്കോട്ടിൽ ജോസഫ് II/ ദിവന്നാസ്യോസ് V | 27 | 146 |
| 6. | ഏലിയ | 1 | 15 |
| 7. | യൊരോബയാം | 4 | 29 |
| 8. | വി. പത്രോസ് | 10 | 61 |
| 9. | 3 | 21 | 117 |
| 10. | മാർ ഗ്രീഗോറിയോസ് | 25 | 137 |
| 11. | ശരി | 9 | 57 |
| 12. | തെറ്റ് | 5 | 35 |
| 13. | ശരി | 8 | 52 |
| 14. | തെറ്റ് | 16 | 92 |
| 15. | ശരി | 14 | 80 |
| 16. | പരീശന്മാർ, കർത്താവിനോട് | 28 | 151 |
| 17. | അഹിമേലേക്ക്, ദാവീദിനോട് | 20 | 111 |
| 18. | എലിശബത്ത് മറിയത്തിനോട് | 23 | 127 |
| 19. | യഹോവ യിരമ്യാവിനോട് | 22 | 121 |
| 20. | ഗീവർഗീസ് മാർ ഒസ്താത്തിയോസ് ജനങ്ങളോട് | 28 | 153 |
| 21. | എന്റെ രാജാവ് നീതിമാനാകുന്നു | | 110 |
| 22. | A.D. 49 | | 147 |
| 23. | A.D. 825 | | 101 |
| 24. | A.D. 372 | | 137 |
| 25. | വാസ്തുശില്പി | 26 | 141 |
| 26. | 10 | 4 | 29 |
| 27. | ഹുൽദാ | 3 | 25 |
| 28. | വാങ്ങിപ്പോകുക | 24 | 130 |
| 29. | ദൈവം | 30 | 162 |
| 30. | കുമ്പിട്ടുള്ള നമസ്കാരം | 12 | 72 |
| 31. | ബെഥേലിലും ദാനിലും യൊരൊബെയാം സ്ഥാപിച്ച കാളക്കുട്ടികളെ നശിപ്പിച്ചില്ല. | 4 | 31 |
| 32. | ഈ പട്ടയംവഴി ക്രിസ്ത്യാനികൾക്ക് ഹിന്ദുക്കൾക്കൊപ്പം ഉന്നതസ്ഥാനവും സാമുദായികമായി നിലയും വിലയും കൈവന്നു. | 19 | 105 |
| 33. | തന്നോടൊപ്പം ആയിരിപ്പാനും ദൈവരാജ്യം പ്രസംഗിക്കാനും | 6 | 41 |
| 34. | A.D. 313 കുസ്തന്തീനോസ് രാജാവ് നടത്തിയ മിലാൻ വിളംബരത്തോടെയായിരുന്നു. | | |
| 35. | അറിവിലൂടെ പൂർണതയും പൂർണതയിലൂടെ ശുദ്ധീകരണവും | 29 | 157 |
| 36. | മുമ്പ് കലഹമുണ്ടാക്കിയ മിസ്രയീമ്യൻ | | |
| 37. | ജനത്തോടു സംസാരിക്കാൻ അനുവദിക്കണമെന്ന്. | | |
| 38. | എബ്രായഭാഷയിൽ സഹോദരന്മാരും പിതാക്കന്മാരും ആയുള്ളവരെ എന്നു സംബോധന ചെയ്തുകൊണ്ട്. | | |
| 39. | കിലിക്യയിലെ തർസൊസിൽനിന്നുമുള്ള (റോമാ)പൗരനായ യഹൂദനാണെന്ന്. | | |
| 40. | പാഠം 13, പേജ് 75 | | |
| 41. | പാഠം 15, പേജ് 88 | | |

✧ ✧ ✧ ✧ ✧